ഒരു ജാതി ഒരു മതം ഒരു ദൈവം

തിരുവോണം 60 - 00
സപ്തമി 60 - 00
1940 കാർത്തികം 23
1439 റബീ ഉൽ അവ്വൽ 05
1194 തുലാം 28

പ്രാർത്ഥനാ വേദിയിലേക്ക് മരണവാർത്ത, നാടകീയത

■ ഇത് ദൈവത്തിന്റെ വിധിയെന്ന് വിജി

▶ പ്രത്യേക ലേഖകൻ

തിരുവനന്തപുരം: സമയം പത്തര. നെയ്യാറ്റിൻകര കൊടങ്ങാവിളയിൽ സനൽ കൊല്ലപ്പെട്ട സ്ഥലത്തെ പ്രാർത്ഥനാ വേദിയിലേക്ക് ഓടിയെത്തിയ നാട്ടുകാരൻ വിറയാർന്ന സ്വരത്തിൽ പറഞ്ഞു. ''ആ ഡിവൈ.എസ്.പി ഇങ്ങിമരിച്ചു. ഇപ്പൊടി.വിയിൽവന്നതേയുള്ളൂ.''

വി. എം. സുധീരൻ ഉദ്ഘാടനം ചെയ്ത ഉപവാസ സമരത്തിൽ, കൊലപാതകത്തിന്റെ ഒമ്പതാംദിവസവും പ്രതിയെ പിടികൂടാത്തത് പൊലീസിന്റെ പിടിപ്പുകേടാണെന്ന് ബി.ജെ.പി ജില്ലാ പ്രസിഡന്റ് സുരേഷ് പ്രസംഗിച്ചുകൊണ്ടിരിക്കെയാണ് ആ വാർത്ത എത്തിയത്. ഫോൺവിളികൾ തലങ്ങും വിലങ്ങും പാഞ്ഞു. സനലിന്റെ ഭാര്യ വിജിയുടെ ഉപവാസ സമരം റിപ്പോർട്ട് ചെയ്യാനെത്തിയ മാദ്ധ്യമപ്രവർത്തകർ ഫോണിൽ ഡി വൈ.എസ്.പിയുടെ മരണവാർത്ത സ്ഥിരീകരിച്ചു.

ഉപവാസ പന്തലിലായിരുന്ന വിജി കൈകൂപ്പി, മക്കളെ ചേർത്തുപിടിച്ച്പൊട്ടിക്കരഞ്ഞു. സനലിന്റെ ഫോട്ടോ മുഖത്തോടുചേർത്ത് വിങ്ങിപ്പൊട്ടി. പന്തലിലെ സ്ത്രീകൾ പരസ്പരം നോക്കി കണ്ണീർവാർത്തു. യുവാക്കൾ വാർത്താ ചാനലുകളുടെ തത്സമയ സംപ്രേഷണം കൈമാറിക്കൊണ്ടിരുന്നു. കാവലുണ്ടായിരുന്ന നെയ്യാറ്റിൻകര പൊലീസ് പിൻവലിഞ്ഞു. ബസുകളിലെ യാത്രക്കാരോട് സ്ഥലത്തു കൂടി നിന്നവർ വിളിച്ചു പറഞ്ഞു, 'നമ്മുടെ സനലിന്റെ കൊലയാളി പോയി, ഇങ്ങിമരിച്ച്'. കടകളിലെ ടി.വിക്കു മുന്നിൽ വൻജനക്കൂട്ടമായി. കുറേനേരം ഗതാഗത സ്തംഭനമുണ്ടായി. വി.എസ്.ഡി.പി ചെയർമാൻ വിഷ്ണുപുരം ചന്ദ്രശേഖരൻ കൈക്കിലുടെ വിവരം ജനങ്ങളെ അറിയിച്ചു. വിജിയുടെ സമരം അവസാനിപ്പിക്കുകയാണെന്ന് പ്രഖ്യാപിച്ചു. കടലിരമ്പുന്ന മനസുമായി വിജി തലകുനിച്ചിരുന്ന് കണ്ണീർ വാർത്തു. ദൃശ്യമാദ്ധ്യമങ്ങളുടെ മൈക്കുകൾ വിജിക്കു നേരെ നീണ്ടു. 'ദൈവത്തിന്റെ ശിക്ഷ നടപ്പായി' എന്നുമാത്രം പറഞ്ഞു. പൊട്ടിക്കരഞ്ഞുപോയ വിജിയെ ബന്ധുക്കൾ കാവുവിളയിലെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

വീട്ടിലേക്ക് കയറിയ വിജി. വീടിനു പിന്നിലെ സനലിന്റെ ശവകുടീരത്തിൽ അലറിക്കരഞ്ഞുകൊണ്ട് വീണു. മക്കളായ ആൽബിനും അലനും അമ്മ കരയുന്നത് എന്തിനെന്നറിയാതെ അമ്പരന്നു നിന്നു. ഏറെ പണിപ്പെട്ട് ബന്ധുക്കൾ വിജിയെ ശവകുടീരത്തിൽ നിന്നെഴുന്നേൽപ്പിച്ച് വീട്ടിലെത്തിച്ചു. 'ഇത് ദൈവത്തിന്റെ വിധി' എന്ന് അപ്പോഴും അലമുറയിട്ടുന്നുണ്ടായിരുന്നു വിജി. രണ്ട് കുഞ്ഞുങ്ങളെ അനാഥമാക്കിയ ഒരു ക്രൂരകൃത്യത്തിന്റെ അവസാന രംഗങ്ങളായിരുന്നു ഇത്.

ഡി.വൈ.എസ്.പി ഹരികുമാറിന്റെ മരണത്തെത്തുടർന്ന് ഉപവാസ പ്രാർത്ഥനാ സമരം അവസാനിപ്പിച്ച വിജി സനലിന്റെ കല്ലറയിൽപൊട്ടിക്കരയുന്നു. മക്കളായ ആൽബിൻ, അലൻ സമീപം ഫോട്ടോ: അജയ്മധു

സമവായത്തിന് ശ്രമം തുടങ്ങണം

ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീകൾക്ക് പ്രവേശനമാകാമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്ത് സൃഷ്ടിച്ച പ്രകമ്പനങ്ങൾക്ക് അറുതിയായിട്ടില്ല. വിധിക്കെതിരെ സമർപ്പിക്കപ്പെട്ട പുനഃപരിശോധനാ ഹർജികൾ ജനുവരി 22ന് പരിഗണിക്കാൻ പുതിയ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്യുടെ അദ്ധ്യക്ഷതയിലുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ച് തീരുമാനിച്ചിരിക്കുകയാണ്. റിവ്യൂ ഹർജികൾ ഒറ്റയടിക്കുതള്ളാതെ വാദം കേൾക്കാൻ തീരുമാനിച്ചതുവഴി പുതിയ നിയമസാദ്ധ്യതകൾക്കുള്ള വഴി പൂർണമായും അടഞ്ഞിട്ടില്ലെന്ന് കരുതാവുന്നതാണ്. സ്ത്രീ പ്രവേശന വിധിയെത്തുടർന്ന് കലാപകലുഷിതമായ സംസ്ഥാനത്തെ സാമൂഹ്യാന്തരീക്ഷം പഴയ നിലയിലേക്ക് മടക്കിക്കൊണ്ടുവരാൻ ഏതായാലും ഭരണഘടനാ ബെഞ്ചിന്റെ ഇന്നലത്തെ തീരുമാനം ഉപകരിക്കുമെന്ന് തോന്നുന്നില്ല. സെപ്തംബർ 28 ലെ വിധി സ്റ്റേ ചെയ്യാത്തതുകൊണ്ടാണിത്.

വിധിയെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ചിട്ടുള്ള നാല് റിട്ട് ഹർജികളും ജനുവരി 22 ന് റിവ്യൂ ഹർജികൾക്കൊപ്പം കോടതി പരിഗണിക്കും. സാധാരണഗതിയിൽ ഭരണഘടനാബെഞ്ചിന്റെ ഒരുവിധിയിൽ പുനഃപരിശോധനയ്ക്ക് അത്യപൂർവമായേ അവസരം ലഭിക്കാറുള്ളൂ. വിധി പുറപ്പെടുവിച്ച ഏറ്റവും മുതിർന്ന ജഡ്ജിയുടെ ചേംബറിൽ വച്ച് പുനഃപരിശോധനാ ഹർജികൾ പരിശോധിച്ച് ഉടനടി തീർപ്പുകല്പിക്കുന്നരീതിയാണ് പൊതുവെ ഉള്ളത്. ശബരിമല സ്ത്രീ പ്രവേശനവിധിയുമായി ബന്ധപ്പെട്ട പുനഃപരിശോധനാ ഹർജികൾ തുറന്ന കോടതിയിൽ പരിഗണിക്കണമെന്ന അഭിഭാഷകരുടെ അഭ്യർത്ഥന ചൊവ്വാഴ്ച രാവിലെ കോടതി നിരസിച്ച പശ്ചാത്തലത്തിൽ ഇവയുടെ ഗതിയും അതുതന്നെയാകുമെന്ന ആശങ്ക നിലനിന്നിരുന്നു.

റിവ്യൂ ഹർജികളും റിട്ട് ഹർജികളും പരിഗണിക്കാൻ കോടതി തീയതി നിശ്ചയിച്ചത് പിടിവള്ളിയായി കാണുന്നതിൽ തെറ്റില്ല. സർക്കാരിന് ഈ വിഷയത്തിൽ യാതൊരു പിടിവാശിയുമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. വിധിയെ എതിർക്കുന്നവർക്കും നീതിപീഠം വഴിതന്നെ പരിഹാരം തേടാൻ എല്ലാ അവസരങ്ങളുമുണ്ട്. നിയമ പണ്ഡിതന്മാരുടെ സഹായത്തോടെ അതിനുള്ള ശ്രമം തുടരുകതന്നെ വേണം. ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിലെ അപകടം എല്ലാവരും മനസിലാക്കണം.

എന്നാൽ ഉച്ചതിരിഞ്ഞ് ചീഫ് ജസ്റ്റിസിന്റെ ചേംബറിൽ ഹർജികൾ പരിശോധിച്ച ഭരണഘടനാബെഞ്ച് ജനവരി 22ന് തുറന്ന കോടതിയിൽത്തന്നെ വാദം കേൾക്കാൻ തീരുമാനിക്കുകയായിരുന്നു. 49 പുനഃപരിശോധനാ ഹർജികളാണ് കോടതിയുടെ പരിഗണനയ്ക്ക് വന്നതെന്നതിൽ നിന്നുതന്നെ വിഷയത്തിൽ പൊതുസമൂഹത്തിനുള്ള അഗാധമായ താത്പര്യവും ആകാംക്ഷയും കോടതിക്കും ബോദ്ധ്യമായിട്ടുണ്ടാകും.

ഏത് പ്രായത്തിലുമുള്ള സ്ത്രീകൾക്ക് ശബരിമല ദർശനമാകാമെന്ന ഐതിഹാസിക വിധി രാജ്യത്ത് സമ്മിശ്ര പ്രതികരണങ്ങളാണ് സൃഷ്ടിച്ചത്. ഏറെ വാദകോലാഹലങ്ങൾ ഇതിനകം നടന്നു. റിവ്യൂ ഹർജികളിൽ വാദം കേൾക്കാൻ കോടതി സന്നദ്ധമായ സ്ഥിതിക്ക് സ്റ്റേ ഉത്തരവും ഒഴിവാക്കുമെന്നാണ് പൊതുവെ കരുതിയത്. എന്നാൽ അതുണ്ടായില്ല. കോടിക്കണക്കിന് തീർത്ഥാടകർ എത്താറുള്ള മണ്ഡലം-മകരവിളക്കുകാലത്തെ തീർത്ഥാടനത്തിന് മേൽ ആശങ്കാജനകമായ കരിമേഘങ്ങൾ സൃഷ്ടിച്ചാണ് ഭരണഘടനാ ബെഞ്ചിന്റെ വിധി നിൽക്കുന്നത്. വിധി പുറത്തുവന്ന തിനുശേഷം ദർശനത്തിനായി ശബരിമല നടതുറന്ന ആദ്യദിവസവും അവിടെ നടന്ന അനിഷ്ടസംഭവങ്ങൾ ഓർക്കുമ്പോൾ ഈവരുന്ന തീർത്ഥാടനകാലം വല്ലാത്ത ഭയവും ആശങ്കയുമാണ് ഏതൊരാളുടെയും മനസിൽ സൃഷ്ടിക്കുന്നത്.

റിവ്യൂ ഹർജികൾ കേൾക്കാൻ ഭരണഘടനാ ബെഞ്ച് തീരുമാനിച്ച പശ്ചാത്തലത്തിൽ വിഷയത്തിൽ ഒരു സമവായത്തിനുള്ള സാദ്ധ്യത തേടാൻ പറ്റിയ സന്ദർഭമാണിത്. ജനുവരിയിൽ കോടതി ഹർജികൾ വാദത്തിനെടുക്കുമ്പോൾ പുതിയ വാദമുഖങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിക്കും. നേരത്തെ വിട്ടുപോയതോ ശ്രദ്ധയിൽ പെടുത്തേണ്ടതായതോ ആയ സൂക്ഷ്മനിയമവശങ്ങൾ ഭരണഘടനാബെഞ്ച് മുമ്പാകെ നിരത്താനുമാകും. സെപ്തംബർ 28 ലെ വിധിക്ക് സ്റ്റേ നൽകാത്ത സാഹചര്യത്തിൽ വികാര വിക്ഷോഭങ്ങൾ മാറ്റിവച്ച് തീർത്ഥാടനകാലം അലോസരമൊന്നും കൂടാതെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാനാവുമെന്നാണ് ബന്ധപ്പെട്ട ഏവരും ചേർന്ന് ആലോചിക്കേണ്ടത്. സ്ത്രീ പ്രവേശനവിധി കേരളീയസമൂഹത്തെ വല്ലാതെ പിടിച്ചുലച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. വിശ്വാസികളുടെ വികാരം വ്രണപ്പെട്ടിട്ടുമുണ്ട്. ചൊവ്വാഴ്ചത്തെ സുപ്രീംകോടതി തീർപ്പിനുശേഷം സർവകക്ഷി സമ്മേളനം വിളിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഒട്ടും വൈകാതെ അതിന് നടപടി സ്വീകരിക്കണം. ശബരിമല വിഷയത്തിൽ സർക്കാർ ഒരു ഭാഗത്തും വിശ്വാസിസമൂഹം മറുഭാഗത്തും എന്ന ഇപ്പോഴത്തെ എതിരിടൽ സമീപനം ആത്യന്തികമായി സംസ്ഥാനത്തിന് തന്നെയാണ് ദോഷം. കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ശ്രമിക്കുന്നവരും വോട്ട് ബാങ്ക് വിപുലമാക്കാൻ ശ്രമിക്കുന്നവരുമൊക്കെ ഉണ്ട്. രാജ്യതന്ത്രജ്ഞതയില്ലാതെ പ്രശ്നം കൈകാര്യം ചെയ്യാൻ ശ്രമിച്ചതിലൂടെ സംഭവിച്ച കെടുതികളും കാണാതിരുന്നുകൂടാ. സംസ്ഥാനത്തിന് ഇപ്പോഴത്തെ അവസ്ഥയിൽ അനിവാര്യമായിട്ടുള്ളത് സമാധാനപൂർണമായ മണ്ഡലകാല തീർത്ഥാടനമാണ്. അത് സാദ്ധ്യമാക്കാൻ എന്തൊക്കെ ചെയ്യാനാകുമെന്ന് കൂട്ടായി ചിന്തിക്കണം. സർക്കാർ തന്നെ വേണം ഇനി അതിനുമുൻകൈയെടുക്കാൻ.

റിവ്യൂ ഹർജികളും റിട്ട് ഹർജികളും പരിഗണിക്കാൻ കോടതി തീയതി നിശ്ചയിച്ചത് പിടിവള്ളിയായി കാണുന്നതിൽ തെറ്റില്ല. സർക്കാരിന് ഈ വിഷയത്തിൽ യാതൊരു പിടിവാശിയുമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. വിധിയെ എതിർക്കുന്നവർക്കും നീതിപീഠം വഴിതന്നെ പരിഹാരം തേടാൻ എല്ലാ അവസരങ്ങളുമുണ്ട്. നിയമ പണ്ഡിതന്മാരുടെ സഹായത്തോടെ അതിനുള്ള ശ്രമം തുടരുകതന്നെ വേണം. ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ ജനങ്ങളെ തമ്മിലടിപ്പിക്കുന്നതിലെ അപകടം എല്ലാവരും മനസിലാക്കണം.

ക്രൈംബ്രാഞ്ചിന്റെ കൺമുന്നിലൂടെ ഡിവൈ.എസ്.പി വീട്ടിലെത്തി

തിരുവനന്തപുരം: ക്രൈംബ്രാഞ്ച് സംഘം തമിഴ്നാട്ടിലും കർണാടകത്തിലും അരിച്ചുപെറുക്കുമ്പോൾ ഡിവൈ.എസ്.പി ഹരികുമാറും കൂട്ടാളി ബിനുവും തലസ്ഥാനത്ത് എത്തി.

ഞായറാഴ്ച മംഗലാപുരത്ത് ഡിവൈ. എസ്. പിയുടെ മൊബൈൽ സജീവമായിരുന്നു.

ആറു കിലോമീറ്റർ ചുറ്റളവിലെ ടവറിൽ നിന്നാണ് വിളി പോയത്. അടുത്ത ഫോൺവിളിക്കായികാത്തിരിക്കുകയായിരുന്നു ക്രൈംബ്രാഞ്ച്.

ഇതിനിടെ മംഗലാപുരത്ത് നിന്ന് സ്വിഫ്റ്റ് കാറിൽ ഡിവൈ. എസ്. പിയും ബിനുവും തിരുവനന്തപുരത്ത് എത്തിയെന്നാണ് ക്രൈംബ്രാഞ്ച് പറയുന്നത്. തിങ്കളാഴ്ച രാത്രി 10ന് കല്ലമ്പലത്തെ വീട്ടിൽ ഡിവൈ.എസ്.പിയെ ഇറക്കിയശേഷം രാത്രി 11ന് പാറശാല ചായ്ക്കോട്ടുകോണത്തെ ഭാര്യാസഹോദരൻ സുജിയുടെ വീട്ടിൽ ഈ സ്വിഫ്റ്റ് കാർ ബിനു കൊണ്ടിട്ടതായി ക്രൈംബ്രാഞ്ച് കണ്ടെത്തിയിട്ടുണ്ട്. ബിനു മാത്രമാണ് അവിടെ എത്തിയതെന്നും എസ്.പി. കെ.എം. ആന്റണി പറഞ്ഞു. രാത്രി പതിനൊന്നരയോടെ ക്രൈംബ്രാഞ്ച്സംഘം സുജിയുടെ വീട്ടിലെത്തി. അപ്പോഴേക്കും വെള്ളത്തുമ്പ അംബാസഡർ കാറിൽ ബിനു രക്ഷപ്പെട്ടിരുന്നു.

ഡിവൈ.എസ്.പിയും ബിനുവും ഒളിവിൽ പോയത് സുജിയുടെ സ്വിഫ്റ്റ് കാറിലായിരുന്നു. ഡിവൈ.എസ്.പി കീഴടങ്ങാൻ എത്തിയതാണെന്ന് ക്രൈംബ്രാഞ്ച് ഉറപ്പിച്ചു പറയുന്നു. എന്നാൽ, ഉന്നത ഉദ്യോഗസ്ഥരെയോ അന്വേഷണ സംഘത്തെയോ ബന്ധപ്പെട്ടിട്ടുമില്ല.

ബിനു മടങ്ങി എത്തിയത് അറിഞ്ഞിട്ടും ഡിവൈ. എസ്. പിയെ കണ്ടെത്താൻ ശ്രമിച്ചില്ലേഎന്നചോദ്യത്തിന്പൊലീസിന്മറുപടിയില്ല. ഡിവൈ. എസ്. പിയുടെവീട്ടുകളിൽതെരച്ചിൽ നടത്തിയില്ല. മംഗലാപുരം മുതൽ പാറശാല വരെ കാറോടിച്ച് വന്നിട്ടും ബിനുവിനെയോ ഡിവൈ.എസ്.പിയെയോ കണ്ടെത്താൻ കഴിഞ്ഞതുമില്ല. ഒളിവിൽ പോയ കാറിന്റെ നമ്പർ എല്ലാ സ്റ്റേഷനുകളിലും അറിയിക്കുന്നതിലും വീഴ്ച വരുത്തി.

മുന്നറിയിപ്പ് നൽകിയിട്ടും

ഹരികുമാർ ജീവനൊടുക്കാനിടയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് സത്യമായി. സർവീസ് റിവോൾവറുമായി ഒളിവിൽ പോയത് ചൂണ്ടിക്കാട്ടിയായിരുന്നു റിപ്പോർട്ട്. ഇതിന്റെ പിറ്റേന്ന് നെയ്യാറ്റിൻകര ഡിവൈ.എസ്.പി ഓഫീസിൽ ഹരികുമാറിന്റെ റിവോൾവർ കണ്ടെത്തിയിരുന്നു.

ആറ്റിങ്ങൽ ഡിവൈ.എസ്.പി അന്വേഷിക്കും

തിരുവനന്തപുരം: ഡിവൈ. എസ്. പി ഹരികുമാറിന്റെ മരണത്തെക്കുറിച്ച് ആറ്റിങ്ങൽ ഡിവൈ.എസ്.പി അനിൽ കുമാർ അന്വേഷിക്കുമെന്ന് റൂറൽ എസ്. പി പി. അശോക് കുമാർ അറിയിച്ചു. പ്രതി കല്ലമ്പലത്ത് എത്തിയത് അടക്കമുള്ള സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കും. പ്രാഥമിക അന്വേഷണത്തിൽ ആത്മഹത്യയാണെന്നാണ് സൂചന. പോസ്റ്റുമാർട്ടം റിപ്പോർട്ട് അടക്കം പുറത്തുവന്നശേഷമേ അന്തിമ നിഗമനത്തിലെത്തൂ എന്ന് എസ്. പി പറഞ്ഞു. സനൽകുമാർ കൊലക്കേസിൽ നിയമപരമായ അന്വേഷണം തുടരുമെന്ന് ഡി.ജി.പി ലോക്നാഥ് ബെഹറ പറഞ്ഞു.

മരണത്തിലും തീരാത്ത ദുരൂഹത

തിരുവനന്തപുരം: ഡിവൈ.എസ്.പി ബി.ഹരികുമാറിന്റെ മരണത്തെ ചുറ്റിപ്പറ്റി സംശയങ്ങളും ഉയർന്നു തുടങ്ങി. നിയമ അവബോധമുള്ള പൊലീസ് ഓഫീസർ കൊലക്കേസിൽ പ്രതിയായതിന്റെ പേരിൽ ജീവനൊടുക്കുമോ എന്നാണ് നാട്ടുകാരുടെ ചോദ്യം. കീഴടങ്ങാൻ തിരുവനന്തപുരത്ത് എത്തിയെന്ന് പൊലീസ് പറഞ്ഞത് ശരിയാണെങ്കിൽ , മൻകൂർ ജാമ്യാപേക്ഷ പരിഗണിക്കാൻ ഒരുദിവസം ശേഷിക്കേ ആത്മഹത്യ ചെയ്തതിൽ ദുരൂഹത.

പൊരുത്തക്കേടും, സാഹചര്യങ്ങളും

1) തമിഴ്നാട്-കർണാടക അതിർത്തിയിലുടെ ഹരികുമാറിനെയും കൂട്ടാളി ബിനുവിനെയും പിന്തുടരുകയാണെന്ന് തിങ്കളാഴ്ച രാത്രി ക്രൈംബ്രാഞ്ച് എസ്.പി ആന്റണിയുടെ വെളിപ്പെടുത്തൽ.

■ ഇതേ രാത്രിയിൽ തിരുവനന്തപുരം കല്ലമ്പലത്തെവസതിയിൽ ഹരികുമാർജീവനൊടുക്കിയെന്ന് റൂറൽ എസ്.പി പി.അശോക് കുമാർ

■ മാനസിക സമ്മർദ്ദം താങ്ങാനാവാതെ, ജീവനൊടുക്കാൻ 615കിലോമീറ്റർ താണ്ടി തിരുവനന്തപുരത്ത് എത്തുമോ?

2) കീഴടങ്ങാൻ സന്നദ്ധത അറിയിച്ചിട്ടില്ലെന്നും അറസ്റ്റ് ചെയ്യാനാണ് നിർദ്ദേശമെന്നും എസ്.പി

■ കീഴടങ്ങാൻ തിരുവനന്തപുരത്ത് എത്തിയതാണെന്ന് ഇന്നലത്തെ വാദം.

3) സനലിന്റെ മരണത്തിനു കാരണം വാഹനാപകടമാണെന്നും കള്ളക്കേസെടുത്തതാണെന്നും മൻകൂർ ജാമ്യാപേക്ഷയിൽ

■ ഇന്ന് ഹർജി പരിഗണിക്കാനിരിക്കേ, നിയമത്തിന്റെ ആനുകൂല്യം ലഭിക്കാൻ കാത്തുനിൽക്കാതെ ആത്മഹത്യ.

4) നിരവധി ബിനാമിസ്വത്തുക്കൾ ഉണ്ടെന്ന് വിജിലൻസ്.

■ സാഹചര്യം മുതലെടുക്കാൻ ബിനാമികളിൽ ആരെങ്കിലും അപായപ്പെടുത്താൻ സാധ്യത.

5) ഹരികുമാറിന്റെ ചെയ്തികൾക്ക് ഇത്രയുംകാലം കൂട്ടുനിന്ന രാഷ്ട്രീയ-പൊലീസ് നേതൃത്വം കൈവിട്ടു.

■ ഇവരുമായുള്ള സാമ്പത്തികയിടപാടുകൾ വെളിപ്പെടുത്താനും പൊയ്മുഖം തുറന്നുകാട്ടാനും സാധ്യതയുള്ളതിനാൽ ജീവന് ഭീഷണി.

6) ജാമ്യംലഭിക്കാൻ പ്രയാസം. ജയിൽവാസം ഭയന്ന് ജീവനൊടുക്കിയെന്ന് വാദം.

■ ഉന്നതസ്വാധീനമുള്ള പൊലീസുദ്യോഗസ്ഥന് ജയിലിൽ മികച്ച സൗകര്യങ്ങൾ തരപ്പെടുത്താൻ നിഷ്പ്രയാസം കഴിയും.

നഷ്ടപരിഹാരം മന്ത്രിസഭ ചർച്ച ചെയ്തില്ല

തിരുവനന്തപുരം: നെയ്യാറ്റിൻകര കൊടങ്ങാവിളയിൽ ഡിവൈ.എസ്.പിയുമായുള്ള തർക്കത്തിനിടയിൽ കൊല്ലപ്പെട്ട സനൽകുമാറിന്റെ കുടുംബത്തിനുള്ള നഷ്ടപരിഹാരം ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം ചർച്ച ചെയ്തില്ല. കുടുംബത്തിനുള്ള നഷ്ടപരിഹാരവും ഭാര്യക്ക് സർക്കാർ ജോലിയും നൽകുമെന്ന് നേരത്തേ സർക്കാർ പ്രതിനിധികൾവാഗ്ദാനം നൽകിയിരുന്നു. ഇന്നലെ ചേർന്ന മന്ത്രിസഭയിൽ ഇത് പ്രഖ്യാപിക്കുമെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ, ഇതുണ്ടായില്ല. സനലിന്റെ കുടുംബത്തിന് നഷ്ടപരിഹാരവും സനിലിന്റെ ഭാര്യയ്ക്കു ജോലിയും നൽകണമെന്ന് ആവശ്യപ്പെട്ട് ശശി തരൂർ എം. പി മുമ്പ് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു.

ഓട്ടത്തിന്റെ ലാപ്പ് തെറ്റി, ഒടുവിൽ ദുരന്തം

തിരുവനന്തപുരം: ഒമ്പതു ദിവസം കേരളം നെഞ്ചിടിപ്പോടെ ഉറ്റുനോക്കിയകൊലക്കേസിന്ദുരന്തക്ലൈമാക്സ്. ഡിവൈ.എസ്.പി മുന്നിലും തങ്ങൾ പിന്നിലുമായി ഓടിക്കൊണ്ടിരിക്കുന്നു എന്നാണ്തിങ്കളാഴ്ചരാത്രിയിലും അന്വേഷണ സംഘത്തലവൻ ക്രൈംബ്രാഞ്ച് എസ്. പി കെ. എം. ആന്റണി പറഞ്ഞത്. എന്നാൽ, ഓട്ടത്തിന്റെ ലാപ്പ് തെറ്റി കല്ലമ്പലത്തെ വീട്ടിൽ ഹരികുമാറിന്റെ ജീവിതം അവസാനിച്ചു. ഹരികുമാർ ഓടിയടാക്കിലൂടെ അല്ലപൊലീസ് ഓടിയത്.

തമിഴ്നാട്ടിലെ തൃപ്പരപ്മധുര, തേനി, പള്ളിവാസലിനടുത്തുള്ള ചിത്തിരപുരം, മൈസൂർ, മംഗലാപുരം, മൂകാംബിക.... ഇതായിരുന്നു പൊലീസ് ഓടിയ റൂട്ട്. കർണാടക- തമിഴ്നാട് അതിർത്തി പ്രദേശത്ത് യാത്രയിലാണെന്നും മണിക്കൂറുകൾക്കകംപിടികൂടുമെന്നും എസ്.പി ആന്റണി ആത്മവിശ്വാസം പ്രകടിപ്പിച്ച് ഇരുട്ടിവെളുത്തപ്പോൾ ഹരികുമാറിന്റെ ജഡമാണ് കണ്ടത്. അന്വേഷണത്തിന്റെ ദിശ തെറ്റിക്കാൻ ഡിവൈ.എസ്.പിയുടെഫോണിൽപുതിയസിം കാർഡുകൾതിരുകി മറ്റാരോ ഈ പാതയിൽ സഞ്ചരിച്ചിരിക്കാം. ക്രൈംബ്രാഞ്ചിന്റെ 10സംഘങ്ങളാണ് തെരച്ചിലിനു പോയത്. പണവും വസ്ത്രങ്ങളുമെത്തിച്ച ആറുപേരെ കണ്ടെത്തിയെന്നും അവരെ ഉടൻ ചോദ്യം ചെയ്യുമെന്നും പൊലീസ് വെളിപ്പെടുത്തിയിരുന്നു. പ്രതികൾ വിളിച്ചഗ്രേഡ്എസ്ഐയെചോദ്യംചെയ്യുമെന്നുംപറഞ്ഞു. എന്നാൽ ഹരികുമാർ മരിച്ചതോടെ അവകാശവാദങ്ങളെല്ലാം പൊളിഞ്ഞു. മൻകൂർ ജാമ്യാപേക്ഷ ഇന്ന് പരിഗണിക്കാനിരിക്കെ, ഡിവൈ.എസ്.പി ജീവനൊടുക്കിയതിൽ ദുരൂഹതയുണ്ടെന്ന ആരോപണം ഉയർന്നു കഴിഞ്ഞു. സനൽ കാർ മാറ്റിയിട്ടശേഷവും ഡിവൈ.എസ്.പി റോഡിന്റെ എതിർവശത്തേക്ക് ചെന്നത് ആക്രമിക്കാനാണെന്നും കാൽമണിക്കൂർ നേരത്തെ കണക്കുകൂട്ടൽകൊലപാതകത്തിനു പിന്നിലുണ്ടെന്നും ഇന്നലെ കോടതിയിൽ റിപ്പോർട്ട് നൽകാനിരിക്കുകയായിരുന്നു ക്രൈംബ്രാഞ്ച്.

തേങ്ങാപ്പുരയിൽ ഒരുമുഴം മുണ്ടിൽ

തിരുവനന്തപുരം: ദേവനന്ദനം എന്ന സ്വന്തം വീടിന് പുറകിൽ പട്ടികൂടിനോടു ചേർന്നാണ് ഡിവൈ. എസ്. പി ഇങ്ങിമരിച്ച തേങ്ങാപ്പുര. കൃഷിപണിക്കുള്ള സാധനങ്ങളും തടിയും മറ്റും ഇവിടെയാണ്. മതിലിനോട്ചേർന്ന്ഹോളോബ്രിക്സിൽപണിത ചായ്പിന്റെഅല്ലിനിയംമേൽക്കൂരയുടെ ഇരുമ്പ് പൈപ്പിലാണ് ഇങ്ങിയത്. ചുവപ്പും നീലയും ഇടകലർന്ന ടി ഷർട്ടും നീല ജീൻസുമായിരുന്നു വേഷം. തറയിൽ കൂട്ടിയിട്ട തേങ്ങകളിൽ ചവിട്ടിനിൽക്കുന്ന നിലയിലായിരുന്നു മൃതദേഹം. പച്ചകുരയുള്ള മുണ്ടാണ് ആത്മഹത്യയ്ക്ക് ഉപയോഗിച്ചത്. വലത്തേ കാലിന്റെവിരലുകൾപൊട്ടി രക്തം വാർന്നൊഴുകി തളം കെട്ടി. ഇടത്തേകാൽ മടങ്ങിയ നിലയിലായിരുന്നു. കാലിൽ സ്ലിപ്പർ ചെരുപ്പുണ്ട്. മൃതദേഹത്തിനടുത്ത് മണൽ അരിയ്ക്കാൻ ഉപയോഗിക്കുന്ന അരിപ്പും കോൺക്രീറ്റിന് ഉപയോഗിക്കുന്ന ഷവൽ അടക്കമുള്ളവയും ഉണ്ടായിരുന്നു. സമീപത്തുവച്ചിരുന്ന ബാഗിൽ മൊബൈൽ ഫോണും പവർബാങ്കും ചാർജറും ഉണ്ടായിരുന്നു. ഉച്ചയോടെ സബ് കളക്ടർ ഇമ്പശേഖരന്റെ നേതൃത്വത്തിൽ ദേഹ പരിശോധന തുടങ്ങിയെങ്കിലും വെളിച്ചകുറവ് തടസമായി. പൊലീസ് ഫോട്ടോഗ്രാഫർ എത്തിയെങ്കിലും ഫ്ലാഷ് കാമറയില്ലാത്തതിനാൽ സ്വകാര്യ ഫോട്ടോഗ്രാഫർ എത്തുന്നതുവരെ നടപടികൾ വൈകി. ഇതിനിടെ എമർജൻസിലാമ്പ് എത്തിച്ച് പ്രാഥമിക പരിശോധന തുടങ്ങി. അപ്പോഴാണ് ആത്മഹത്യാകുറിപ്പും മൊബൈൽ ഫോൺ അടക്കമുള്ള സാധനങ്ങളും കണ്ടത്.

ആത്മഹത്യ ചെയ്ത ഡി. വൈ. എസ്. പി. ഹരികുമാറിന്റെ കല്ലമ്പലം വെയിലൂരിലെ വസതി. ഇതിന് പിന്നിലാണ് മൃതദേഹം കാണപ്പെട്ട തേങ്ങാപ്പുര

മകനെ നന്നായി നോക്കണം

ഹരികുമാർ ധരിച്ച ടി ഷർട്ടിൽ നിന്നുകണ്ടെത്തിയ കുറിപ്പിൽമകനെ നന്നായി നോക്കണം, സോറി എന്നെഴുതിയിട്ടുള്ളതായി പൊലീസ് പറഞ്ഞു. കൈയക്ഷരം ഹരികുമാറിന്റേതാണോയെന്ന് പരിശോധിച്ചു വരികയാണ്.

കൂട്ടുപ്രതികൾ വിചാരണ നേരിടണം

തിരുവനന്തപുരം: ഡിവൈ.എസ്.പി ഹരികുമാർ മരിച്ചെങ്കിലും സനൽകുമാർ കൊലക്കേസ് റദ്ദാവില്ല. പ്രതിയെ സഹായിച്ച മൂന്നുപേർ വിചാരണ നേരിടേണ്ടിവരും. ഡിവൈ. എസ്. പിയെ സംഭവ സ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി കൊണ്ടുപോയ സുഹൃത്ത് ബിനു രണ്ടാം പ്രതിയാണ്.

ബിനുവിന്റെ മകൻ അനൂപ് കൃഷ്ണയാണ് മറ്റൊരു പ്രതി. ഹരികുമാറിനെ രക്ഷപ്പെടാൻ സഹായിച്